നടപ്പിൽ വരുത്തുന്നത്. ഓരോ പെൻഷണറുടേയും വിശദാംശങ്ങൾ അടങ്ങുന്ന ഡാറ്റാ ബേസ് അതതു ട്രഷറികളിൽ സ്ഥാപിച്ചിട്ടുള്ള സെർവറുകളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എല്ലാ ട്രഷറികളും 'സ്റ്റാൻഡ് എലോൺ' മോഡിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. പെൻഷനുകൾ പി.റ്റി.എസ്.ബി. മുഖേനയാക്കിയപ്പോൾ, പെൻഷനുകൾ മാസാവസാനം ബാച്ച് പ്രോസസ് ആയി പാസ്സാക്കി പി.റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. പി.റ്റി.എസ്.ബി. അക്കൗണ്ടുവഴി ചെക്ക് മുഖേന പെൻഷൻകാർക്ക് ഉക സൗകര്യപ്രദമായി പിൻവലിക്കാവുന്നതാണ്. 'സ്റ്റാൻഡ് എലോൺ' മോഡ് ആകയാൽ സബ് ട്രഷറികളിൽനിന്നും അകലെ സ്ഥിതി ചെയ്യുന്ന വൺമാൻ ട്രഷറികളിൽ അറ്റാച്ച്ഡ് ട്രഷറികളിലെ ഡാറ്റാബേസ് ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ, വൺമാൻ ട്രഷറികളിൽ ചെക്കുകൾ പ്രോസസ്സ് ചെയ്യാനും പാസ്സാക്കാനും കഴിയാതെ വന്നപ്പോൾ അവ നിർത്തലാക്കുകയുണ്ടായി.

(ബി) നെടുമങ്ങാട് സബ് ട്രഷറിയുമായി ബന്ധപ്പെട്ടുള്ള ജോലികളാണ് വെഞ്ഞാറമൂട് വൺമാൻ ട്രഷറിയിൽ നടത്തിയിരുന്നത്. എന്നാൽ ആ ജോലികളെല്ലാം തന്നെ നെടുമങ്ങാട് സബ് ട്രഷറിയിൽ ചെയ്യാമെന്നുള്ളതുകൊണ്ട് വെഞ്ഞാറമൂട്ടിൽ ഒരു ട്രഷറിയുടെ ആവശ്യം നിലവിൽ ഇല്ല.

കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ് ട്രഷറിയിലെ അക്കൗണ്ടന്റ്, ട്രഷറർ തസ്തികകൾ

159 (4150). ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴ സബ്ട്രഷറിയിൽ അക്കൗണ്ടന്റ് , ട്രഷറർ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുപുഴ സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിനായി 4 അക്കൗണ്ടന്റുമാരെ കാസർഗോഡ്, മട്ടന്നൂർ എന്നീ ജില്ലാ ട്രഷറികളിൽനിന്നും പുനർവിന്യാസംവഴി നിയമിച്ചിട്ടുണ്ട്.

(ബി) പുനർവിന്യാസം വഴി നിയമനം നടന്ന സാഹചര്യത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly